കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

അഗളി ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16 സാമ്പത്തിക വർഷം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി24/2146/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്
തീയതി – 18.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഗളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അഗളി ഗ്രാമപഞ്ചായത്ത് - 2015 – 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഗളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി24/2146/2016 തിയ്യതി:18.01.2017

## പാലക്കാട് ജില്ലയിലെ അഗളി .ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2015 -16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 14.7.2016 മുതൽ 8.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9-11-2016മുതൽ 18-11-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബിജുആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശിവപ്രസാദ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഇ.ജെ .ആന്റണി | 01-04-2015 മുതൽ 31-10-2015 |
| | ശ്രീമതി.ശ്രീലക്ഷ്മി ശ്രീകുമാർ | 1-11-2015മുതൽ 31-3-2016വരെ |

| | | |
|---|---|---|
| സെക്രട്ടറി | ജോയ് കുമാർ. വി | 01-04-2015 മുതൽ 23-7-2015 വരെ |
| | രവീന്ദ്രൻ .സി.കെ | 24-07-2015 മുതൽ 12-11-2015വരെ |
| | ഗോപി.ടി.എസ് (സെക്രട്ടറി ഇൻചാർജ്) | 13-11-2015മുതൽ 17-1-2016വരെ |
| | ജോൺ.ജെ. | 18-1-2016മുതൽ 31-3-2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനിയർ | ബാബു | 01-04-2015 മുതൽ 7-9-2015 വരെ |
| | സുഭാഷ് | 8-9-2015മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ജിഷ ജോൺസൺ എബ്രഹാം | 1-4-2015മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | മണികണ്ഠൻ | 1-4-2015മുതൽ 31-10-2015വരെ |
| | ഷൈനി | 1-11-2015മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | സിന്ധു മോൾ | 1-4-2015മുതൽ 31-3-2016വരെ |
| വെറ്ററിനറി സർജൻ | പി.ജി.രാജേഷ് | 1-4-2015മുതൽ 23-8-2015വരെ |
| | ശ്രീകുമാർ | 24-8-2015മുതൽ 31-3-2016വരെ |
| കൃഷി ഓഫീസർ | ശശിന്ദ്രൻ | 01-04-2015മുതൽ 31-3-2016വരെ |
| ICDS സൂപ്പർവൈസർ | താജുമ്മ | 01-04-2015മുതൽ 28.1.16 വരെ |
| | ഷഹന | 29.01.16 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | സൗദാമിനി (പട്ടിമാളം സർക്കിൾ) | 01-04-2015മുതൽ 31-03-2016 വരെ |
| | മാത്യു.ഒ.ആർ (കാവുണ്ടിക്കൽ സർക്കിൾ) | 01-04-2015മുതൽ 31-03-2016 വരെ |
| | രഞ്ജിത്ത് (മുക്കാലി സർക്കിൾ) | 01-04-2015മുതൽ 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ | വസന്തി | 1-4-2015മുതൽ 31-3-2016വരെ |

| | | |
|---|---|---|
| അസി. സെക്രട്ടറി | സി.എ. മിഥുൻ കൈലാസ് | 1-4-2015മുതൽ 24-4-2015വരെ |
| | ഇ.ഹരിദാസൻ | 25-4-2015മുതൽ 26-8-2015വരെ |
| | അബ്ദുൾ ലത്തീഫ് | 27-8-2015മുതൽ 14-12-2015വരെ |
| | ജോൺ ജെ | 15-12-2015മുതൽ 31-3-2016വരെ |

<u>ഉള്ളടക്കം</u>



| ക്രമ നമ്പർ | വിശദാംശങ്ങൾ | ഖണ്ഡിക നം. |
|---|---|---|
| ഭാഗം 1 | | |
| 1 | പൊതു അവലോകനം | |
| ഭാഗം 2 | | |
| 2 | ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല | 2-1 |
| 3 | തനതു വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിൽകൂടുതൽ ബാങ്ക് അക്കൌണ്ടുകൾ നിയമാനുസൃതമല്ല. | 2-2 |
| 4 | വിവിധ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 2-3 |
| 5 | തൊഴിൽ നികുതി പിരിവ്-അപാകതകൾ | 2-4 |
| 6 | വ്യാപാര സ്ഥാപനത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം | 2-5 |
| 7 | വെള്ളക്കരം ഇനത്തിൽ 53,34,400 രൂപയുടെ കുടിശ്ശിക | 2-6 |
| 8 | കാറ്റാടി യന്ത്രങ്ങളിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട വരവുകൾ ലഭ്യമാക്കേണ്ടതാണ്. | 2-7 |
| ഭാഗം - 3 | | |
| 9 | ഭവനനിർമ്മാണം- അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. | 3-1 |
| 10 | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ - ആവശ്യകത വിലയിരുത്താതെ വാങ്ങിയ ലാപ്പ്ടോപ്പുകളുടെ തുക ഈടാക്കേണ്ടതാണ് | 3-2 |
| 11 | കിടാരി വിതരണം - അധിക സബ്സിഡി നൽകിയത് ഈടാക്കേണ്ടതാണ്. | 3-3 |
| 12 | പ്രവൃത്തിയിലെ ഇനങ്ങൾക്ക് അധിക നിരക്കിൽ തുക നൽകിയിരിക്കുന്നു. അധികം നൽകിയ തുക ഈടാക്കണം. | 3-4 |

| | | |
|---|---|---|
| 13 | പമ്പ് സെറ്റ് വിതരണം- അധികസബ്സിഡി നൽകിയത് ഈടാക്കേണ്ടതാണ് | 3-5 |
| 14 | ഭവനനിർമ്മാണം- രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 15 | ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-7 |
| 16 | ഹൈസ്കൂൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ-പ്രൊജക്ടിലെ അപാകതകൾ- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-8 |
| 17 | കന്നുകുട്ടി പരിപാലനം - രസീതി, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 18 | ജാതിതൈ വിതരണം- പ്രൊജക്ടിലെ അപാകതകൾ- ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. | 3-10 |
| 19 | റോക്കർ സ്പ്രെയർ വിതരണം - രേഖകൾ ഹാജരാക്കിയില്ല. ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. | 3-11 |
| 20 | സമഗ്ര വാഴകൃഷി വികസനം - രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. | 3-12 |
| 21 | പച്ചക്കറി കൃഷി വികസനം - രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. | 3-13 |
| 22 | പമ്പ് സെറ്റ് വിതരണം- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-14 |
| 23 | മീഡിയാശ്രീ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവഴിച്ച തുക തടസ്സത്തിൽ വെക്കുന്നു. | 3-15 |
| 24 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-16 |
| 25 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് മതിൽ കെട്ടിയിരിക്കുന്നു.ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-17 |
| 26 | കോൺക്രീറ്റ് പ്രവൃത്തികളിൽ ആവശ്യത്തിന് സിമന്റ് ഉപയോഗിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-18 |
| 27 | ഗുണഭോക്തൃസമിതികളുടെ പ്രവൃത്തികളിൽ നിയമാനുസൃതം ഹാജരാക്കേണ്ട അംഗീകൃത ഡീലർമാരുടെ ക്യാഷ് ബില്ലുകൾ സമർപ്പിച്ചിട്ടില്ല. | 3-19) |
| 28 | തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. | 3-20 |
| 29 | പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ | 3-21 |

| | | |
|---|---|---|
| | കാണുന്നു. | |
| 30 | ഭവനപുനരുദ്ധാരണം പ്രൊജക്ടിലെ അപാകതകൾ | 3-22 |
| 31 | പഞ്ചായത്ത് ഭവന പദ്ധതി- മുഴുവൻ ഗുണഭോക്താക്കൾക്കും ഡി.ഡി.നൽകിയിട്ടില്ല. | 3-23 |
| 32 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 3-24 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരമാന നം. |
|---|---|---|
| 2015-16 | 31-3-2015 | 1 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 31-7-2016 | 7-10-2016 | 28-10-2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 74366870,57 |
| വരവ് | 73758076 |
| ആകെ | 148124946.57 |
| ചെലവ് | 142484835 |
| നീക്കിയിരിപ്പ് | 5640111.57 |

2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചതിന് ശേഷം പഞ്ചായത്ത് 2014-15 വർഷത്തെ വാർഷിക കണക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ടി കണക്കുകൾ 28-10-2016 മാത്രമാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ്

റിപ്പോർട്ടിലെ അവസാന ബാക്കിയിൽ നിന്നും വ്യത്യസ്തമായ തുകയാണ് 2015-16ലെ പ്രാരംഭബാക്കിയായി ചേർത്തിരിക്കുന്നത്. 2014-15 ലെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചതിന് ശേഷം വീണ്ടും ധനകാര്യപത്രിക പരിഷ്ക്കരിക്കുന്നത് ഉചിതമായ നടപടിയല്ല.

1-5 ഫണ്ട് വിനിയോഗം- 2015-16

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12097491 | 12357440+ 32116152(TC) | 56571083 | 35829224+ 20741859(TC) | 0 |
| വികസനഫണ്ട് എസ്.സി.പി. | 3213731 | 3053674 | 6267405 | 5200223+ 1067182 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 16965491 | 15355382 | 32320873 | 30566763+ 1754110 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 8703252 | 9752865 | 18456117 | 18456117 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4472725 | 1898337 | 6371062 | 6371062 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11976708 | 9773691 | 21750399 | 20403124+ 1347275(TC) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 7533345 | 2012606 | 9545951 | 2012606+ 7533345(TC) | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | (-)492580 | 703663 | 211083 | 209852 | 1231 |

1-6. പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 279 | 165805851 | 223 | 121928351 | 56 | 80 |

1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3946789 | 3692831 | (-)253958 | (-)6 |
| നികുതിയേതര വരവുകൾ | 309856 | 218150 | (-)91706 | (-)30 |
| മറ്റുവരവുകൾ | 1817080 | 1797488 | (-)19592 | (-)1 |
| ആകെ | 6073725 | 5708469 | (-)365256 | (-)6 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30720 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 988830 | 149 |
| വിധവാപെൻഷൻ | 11889760 | 1473 |
| വാർദ്ധക്യകാലപെൻഷൻ | 13988670 | 2340 |
| വികലാംഗപെൻഷൻ | 2735230 | 315 |
| അവിവാഹിത പെൻഷൻ | 107080 | 17 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1731/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ സെക്ഷനുകളിൽ പേഴ്സണൽ റജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. അറ്റൻഡൻസ് റജിസ്റ്ററിൽ ചില കോളങ്ങൾ ഒപ്പുകൾ രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു. പഞ്ചായത്തിൽ ജീവനക്കാരുടെ ഇൻക്യുബൻസി റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ സ്ഥലം മാറിപ്പോയതും റിട്ടയർ ചെയ്തതുമായ ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാകുന്നില്ല.

മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എം ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനൊപ്പം സോഷ്യൽ മാപ്പ് സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/9/2016 | 1-8-16 മുതൽ 31-8-2016വരെ | 9-9-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ-ചട്ടം 6(5) അനുസരിച്ച്, പഞ്ചായത്തിന്റ വിവിധ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക്ബുക്കിലെ നീക്കിയിരിപ്പും അവയുടെ ബാങ്ക്/ട്രഷറി പാസ് ബുക്കിലെ നീക്കിയിരിപ്പും തമ്മിൽ മാസാന്ത്യത്തിലും, വർഷാന്ത്യത്തിലും പൊരുത്തപ്പെടുത്തൽ നടത്തി, പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റ തനതു ഫണ്ടു സൂക്ഷിക്കുന്ന എസ്.ബി.ഐ അഗളി, NREGS എസ്.ബി.ഐ അക്കൌണ്ട്, എന്നിവ 2015-16 വർഷത്തിലോ തുടർന്നോ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല. ട്രഷറി അക്കൌണ്ട് 2015-16 വർഷത്തിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ടെങ്കിലും തുടർന്ന് പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ പഞ്ചായത്തിന്റ ബാങ്ക്/ട്രഷറി അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ , നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 31.3.2016 വരെയുള്ള നീക്കിയിരിപ്പ് കൃത്യമല്ലാത്തതിനാൽ തുടർന്ന് റീ കൺസിലിയേഷൻ ചെയ്യാൻ സാധിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പ്രതിമാസം കൃത്യമായി പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-2 തനതു വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിൽകൂടുതൽ ബാങ്ക് അക്കൌണ്ടുകൾ നിയമാനുസൃതമല്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26-5-2011 ലെ സർക്കുലർ നം.58725/FM3/2008 പ്രകാരം ഗ്രാമ പഞ്ചായത്ത് തനതു വരുമാനം ട്രഷറി അക്കൌണ്ടിനു പുറമെ ഒരു ദേശസാത്കൃത ബാങ്ക് അക്കൌണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൌണ്ടിലോ മാത്രമേ നിക്ഷേപിക്കാവൂ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ എസ്.ബി.ഐ, കാനറ ബാങ്ക്, ഷോളയൂർ സർവീസ് സഹകരണ ബാങ്ക് എന്നി മൂന്ന് അക്കൌണ്ടുകളിലായി തനതു വരുമാനം സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് തനതു വരുമാനം ട്രഷറി അക്കൌണ്ടിനു പുറമെ ഒരൊറ്റ ബാങ്ക് അക്കൌണ്ടിൽ മാത്രം നിലനിർത്തി തനതു

വരുമാനത്തിനായുള്ള മറ്റ് ബാങ്ക് അക്കൌണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വിവിധ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ തനതുവരുമാനങ്ങളുടെ കണക്കുകളുമായി ബന്ധപ്പെട്ട് വിവിധ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ

അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നതിന് സർക്കാർ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സ്റ്റാഫ് കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

2.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച പല കേസുകളിലും രജിസ്റ്ററിൽ അപേക്ഷകരുടെ നേരെ സെക്രട്ടറി ഇനീഷ്യൽ ചെയ്തിട്ടില്ല കൂടാതെ 2015 വർഷത്തിൽ ഉപയോഗിച്ച് കൊണ്ടിരുന്ന രജിസ്റ്ററിൽ മതിയായ പേജുകളുണ്ടായിരുന്നിട്ടും, 2016 വർഷം മുതൽ പുതിയ രജിസ്റ്റർ ഉപയോഗിക്കാൻ തുടങ്ങി. സാമ്പത്തിക വർഷാവസാനം ബിൽഡിംഗ് പെർമിറ്റ് ഫീ, ബിൽഡിംഗ് റെഗുലറൈസേഷൻ ഫീ എന്നിവയുടെ സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3.വാടക രജിസ്റ്റർ

ഷോപ്പിംഗ് കോംപ്ളക്സ് വാടക രജിസ്റ്റർ, ഓഡിറ്റോറിയം വാടക രജിസ്റ്റർ എന്നിവയിൽ സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4.ന്യൂ ബിൽഡിംഗ് രജിസ്റ്റർ

2015-16 വർഷത്തിൽ പഞ്ചായത്തിൽ പുതുതായി കെട്ടിട നികുതി നിർണ്ണയിച്ച കെട്ടടിങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ 2015 ജനുവരി മാസം വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമേ വരുത്തിയിട്ടുള്ളൂ.

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഭാവിയിൽ പ്രസ്തുത രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ കൃത്യമാക്കുന്നതിനും തനതുവരുമാന കൃത്യമായി പിരിച്ചെടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി പിരിവ്-അപാകതകൾ

2015-16 വർഷത്തെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട് അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി-വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

2015-16 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്പ്രകാരം ആകെ സ്ഥാപന തൊഴിൽ നികുതി

ഡിമാന്റ് 2,68,510 രൂപയാണ്, കളക്ഷൻ 266010രൂപയാണ് വ്യത്യാസം ബാലൻസ് ഷീറ്റിൽ കടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക് പ്രകാരം ആകെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് 19,83,300രൂപയുംരജിസ്റ്റർ പ്രകാരം 2040640 രൂപയുമാണ്.

2. സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

.കാനറ ബാങ്ക് ,മുക്കാലി (2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ)

.എസ്.ബി.ഐ , അഗളി (2015-16 ഒന്നാം അർദ്ധ വർഷത്തിലെ )

3. സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളുടെ സംബന്ധിച്ച സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിൽ തൊഴിൽനികുതി അടവാക്കേണ്ട എല്ലാ സ്ഥാപനങ്ങളും കത്യമായി തൊഴിൽ നികുതി അടവാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കാനും തൊഴിൽ നികുതി കൃത്യമായി ഈടാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-5** <u>വ്യാപാര സ്ഥാപനത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം</u>

ഗ്രാമപഞ്ചായത്തിൽ നിന്നും ചുവടെ ചേർക്കുന്ന പെട്രോൾ പമ്പിന് 2015-16 വർഷത്തേക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഡി&ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങളും, വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ പ്രസ്തുത പെട്രോൾ പമ്പിന് പാർപ്പിടാവശ്യത്തിനുള്ള വസ്തു നികുതിയാണ് നിർണ്ണയിച്ചതെന്നും, ഡിമാന്റ് ചെയ്തിട്ടുള്ളതെന്നും കണ്ടെത്തി.

| ഡി&ഒ ലൈസൻസ് നം. | ഡി&ഒ ലൈസൻസ് ആവശ്യം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | വസ്തുനികുതി നിർണ്ണയിച്ച-വിഭാഗം | ഈടാക്കിയ വസ്തു നികുതി | ഏകദേശ നഷ്ടം |
|---|---|---|---|---|---|---|
| 116/15-16 | പെട്രോൾ പമ്പ് | 7/543(പഴയത് IV/428A) | 30 | പാർപ്പിടാവശ്യം | 0 | 30*40=1200 |

ചതുരശ്ര മീറ്ററിന് 40രൂപ നിരക്കിൽ ചുമത്തേണ്ട വസ്തുനികുതി, സ്ഥാപനത്തിന്ചതുരശ്ര മീറ്ററിന് 6 രൂപ നിരക്കിൽ( പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ) നികുതി ചുമത്തുകയും 30ചതുരശ്ര മീറ്റർ മാത്രമായതിനാൽ നികുതിയിൽ നിന്നും ഒഴിവാക്കിനൽകുകയുമാണ് ചെയ്തിട്ടുള്ളത്. ആയതുമൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ മേൽപ്രകാരം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥാപനത്തിൽ നിന്നുള്ള നികുതി പുനർ നിർണ്ണയം നടത്തുകയും കുടിശ്ശികയടക്കം ഈടാക്കുകയും

ചെയ്യേണ്ടതാണ്. കൃത്യമായ ഫീൽഡ് വിസിറ്റ് നടത്തി ഇത്തരത്തിലുള്ള തെറ്റായ നികുതി നിർണ്ണയം നടത്തിയതുണ്ടെങ്കിൽ മുഴുവൻ പുനർ നിർണ്ണയം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വെള്ളക്കരം ഇനത്തിൽ 53,34,400 രൂപയുടെ കുടിശ്ശിക

പഞ്ചായത്തിൽ സൂക്ഷിക്കുന്ന വെള്ളക്കരം രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം ആകെ 1237 ഗാർഹിക കണക്ഷനുള്ളതിൽ നിന്നും 2015-16 സാമ്പത്തിക വർഷാവസാനം ചുവടെ ചേർക്കുന്ന പ്രകാരം ആകെ 53,34,400 രൂപയുടെ കുടിശ്ശിക നിലവിലുണ്ട്.

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 2015-16 | 17,14,800 | 2,95,200 | 14,19,600 |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 39,14,800 | 0 | 39,14,800 |
| വർഷാവസാനം ആകെ കുടിശ്ശിക | | | 53,34,400 |

എന്നാൽ രജിസ്റ്ററിലെ കണക്കുകളും,വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളും തമ്മിൽ വലിയ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം വെള്ളക്കരം ഇനത്തിൽ 2015-16 സാമ്പത്തിക വർഷാവസാനം ആകെ 3,43,719 രൂപയുടെ കുടിശ്ശിക മാത്രമേ നിലവിലുള്ളൂ. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിലവിലെ ആധികാരിക രേഖ രജിസ്റ്റർ ആണെന്ന ബോധിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള ഭീമമായ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നുണ്ടെന്ന് അറിയിച്ചിട്ടിമുണ്ട്. വെള്ളക്കരം ഇനത്തിലുള്ള 53,34,400 രൂപയുടെ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാനുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-7 കാറ്റാടി യന്ത്രങ്ങളിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട വരവുകൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ ആകെ 9 കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കാറ്റാടി യന്ത്രങ്ങളിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട പെർമിറ്റ് ഫീസ്,കെട്ടിട നികുതി എന്നീ ഇനങ്ങളിൽ നിന്നും യാതൊരു വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. കാറ്റാടി യന്ത്രങ്ങളിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട വരവുകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവനനിർമ്മാണം- അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

പ്രൊജക്ട് : ഭവന നിർമ്മാണം

പ്രൊജക്ട് നമ്പർ : 115

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, കാവുണ്ടിക്കൽ

അടങ്കൽ : 26,40,000

ചെലവ് : 3,40,000

ബിൽ നമ്പർ 1/15-16 തീയ്യതി 18.07.15 പ്രകാരം 2,40,000 രൂപ ഭവനനിർമ്മാണം(എസ്.ടി) ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 20,000 രൂപ ചെല്ലി w/oനഞ്ചൻ, കതിരംപതി ഊര് എന്നവർക്ക് നൽകിയതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തീയതി 16.11.13 പ്രകാരം ഭവന നിർമ്മാണത്തിന് ഒരാൾക്ക് നൽകാവുന്ന പരമാവധി ധനസഹായം 2,50,000/- രൂപയാണ്.

എന്നാൽ പ്രസ്തുത ഗുണഭോക്താവിന് 2,70,000 രൂപ താഴെ പറയും പ്രകാരം ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | തുക | തീയ്യതി |
|---|---|---|
| 1 | 35,000 | 01.10.14 |
| 2 | 65,000 | 20.11.14 |
| 3 | 90,000 | 20.01.15 |
| 4 | 35,000 | 28.02.15 |
| 5 | 25,000 | 28.03.15 |
| 6 | 20,000 | 18.07.15 |
| ആകെ | 2,70,000 | |

അധികം നൽകിയ 20,000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ - ആവശ്യകത വിലയിരുത്താതെ വാങ്ങിയ ലാപ്പ്ടോപ്പുകളുടെ തുക ഈടാക്കേണ്ടതാണ്

പ്രൊജക്ട് : പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി

വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ

പ്രൊജക്ട് നമ്പർ : 318

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 11,34,000

ചെലവ് : 8,82,000 (ബിൽ നം. 3/15-16 തീയതി 19.2.16)

പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം 8,82,000 രൂപ 21 ലാപ്പ്ടോപ്പുകൾ വാങ്ങിയതിന് zeta IT innovation(I) pvt Ltd, Rareeram, peringavu, Trichur എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 21 ലാപ്പ്ടോപ്പ് വാങ്ങിയെങ്കിലും 19 ലാപ്പ് ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 2 എണ്ണം വിതരണം ചെയ്യാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് (9/17.11.16) വിദ്യാർത്ഥികൾ ലഭ്യമായിരുന്നില്ലെന്ന മറുപടിയാണ് ലഭിച്ചത്. അവശേഷിക്കുന്ന 2 ലാപ്പ്ടോപ്പുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ലാപ്പ്ടോപ്പ് നമ്പർ | തുക |
|---|---|---|
| 1 | UNMVHS1030G0976283 | 40000 |
| 2 | UNMVHS1030G0976744 | 40000 |
| ആകെ | | 80000 |

പ്രൊജക്ട് തയ്യാറാക്കുമ്പോൾ ആവശ്യകത വിലയിരുത്താത്തതിനാലാണ് ഇത് സംഭവിച്ചത്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ആയതിനാൽ ഈ 2 ലാപ്പ്ടോപ്പുകൾ ഉപയോഗപ്രദമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രസ്തുത പ്രൊജകട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ലാപ്പ്ടോപ്പ് നൽകിയ വിദ്യാർത്ഥികളുമായി അഗ്രിമെന്റ് വച്ചത് ഹാജരാക്കിയില്ല.
2. ചെലവ് സംബന്ധിച്ച വിവരങ്ങൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുകയോ വിതരണ രശീതി ഹാജരാക്കുകയോ ചെയ്തിട്ടില്ല. ടി രേഖകൾ ഹാജരാക്കി ഓഡിറ്റിനെ ബോധിപ്പിക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 8,02,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-3 കിടാരി വിതരണം - അധിക സബ്സിഡി നൽകിയത് ഈടാക്കേണ്ടതാണ്

പ്രൊജക്ട് : പഞ്ചായത്ത് ഭവനപദ്ധതി

പ്രൊജക്ട് നമ്പർ : 113

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജ്ജൻ

അടങ്കൽ : 5,62,500

ചെലവ് : 4,95,000

കിടാരി വിതരണം എന്ന പ്രൊജക്ട് പ്രകാരം 2105-16 ൽ താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക | ആകെ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2/15-16 dt21.03.16 | 2,92,500 | 26 | 11250 | 2,92,500 |
| 2 | 4/15-16 dt 31.03.16 | 1,57,500 | 14 | 11250 | 1,57,500 |
| 3 | 5/15-16 dt 31.03.16 | 45,000 | 4 | 11250 | 45000 |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം കിടാരി വിതരണത്തിന് (എസ്.സി/ടി.എസ്.പി) നൽകാവുന്ന പരമാവധി ധനസഹായം 7500 രൂപയാണ്. എന്നാൽ മുകളിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം ഒരു ഗുണഭോക്താവിന് 11250 രൂപ ക്രമത്തിൽ 44 ഗുണഭോക്താക്കൾക്ക് ആകെ 4,95,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചും കിടാരികളെ ഇൻഷ്വർ ചെയ്യാത്തത് സംബന്ധിച്ചും ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും തൃപ്തികരമായ വിശദീകരണം ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 1,65,000 (44*3750) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 പ്രവൃത്തിയിലെ ഇനങ്ങൾക്ക് അധിക നിരക്കിൽ തുക നൽകിയിരിക്കുന്നു. അധികം നൽകിയ തുക ഈടാക്കണം.

| | |
|---|---|
| പ്രോജക്ട് നം, പേര് | നം. SO 175/16 മുക്കാലി സബ്സെന്റർ കുടിവെള്ളം |
| അടങ്കൽ, ഫണ്ട് ഇനം | പദ്ധതി ഫണ്ട്(ജനറൽ) |
| എഗ്രിമെന്റ് നം,തീയ്യതി | നമ്പർ രേഖപ്പെടുത്തിയിട്ടില്ല (2014-15ൽ ആണ് എഗ്രിമെന്റ് വെച്ചിരിക്കുന്നത്) |
| കൺവീനർ | വസന്ത |
| പ്രവൃത്തി മൂല്യം | 82844 |
| എം.ബുക്ക് | 305/16 |
| ബിൽ നം. തീയ്യതി, തുക | 27/15-16/16-10-2016/ 82844 |

മേല്പറഞ്ഞ പ്രവൃത്തിയുടെ 6ാമത്തെ ഇനമായ Precast RCC Pump House സ്ഥാപിക്കലിന് 35000രൂ. ആണ് നൽകിയിരിക്കുന്നത്. 2014-15ൽ ഈ ഇനത്തിന് 30000രൂ. ആണ് അനുവദനീയമായ നിരക്ക്. (ജില്ലാ പഞ്ചായത്തിന്റെ അംഗീകൃത നിരക്ക് പ്രകാരം). ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ തുക 5000രൂ. ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 പമ്പ് സെറ്റ് വിതരണം- അധികസബ്സിഡി നൽകിയത് ഈടാക്കേണ്ടതാണ്

പ്രൊജക്ട് : പമ്പ് സെറ്റ് വിതരണം

പ്രൊജക്ട് നമ്പർ : 45

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പമ്പ് സെറ്റ് വിതരണം (45) എന്ന പ്രൊജക്ടുമായി ബന്ധപെട്ട് ബിൽ നമ്പർ 2/15-16 dt 18.12.15 പ്രകാരം 8 പേർക്ക് 7500 രൂപ വീതം നൽകിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പമ്പ് സെറ്റിന്റെ വിലയുടെ 75 % ൽ അധികം നൽകിയിട്ടുണ്ട്.വിശദ വിവരം താഴെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | പമ്പ് സെറ്റിന്റെ വില | 75 % സബ്സിഡി | നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | ശിവ w/o മാരി<br>ആനഗദ്ദ<br>അഗളി | 06263/29.10.15 | 9384 | 7038 | 7500 | 462 |
| 2 | മരുതാചലം s/o നഞ്ചൻ, 329നരസിമുക്ക് ഊര്, അഗളി | 06275/9.11.15 | 8400 | 6300 | 7500 | 1200 |
| 3 | വെള്ളിങ്കിരി s/o രങ്കൻ, താഴെപറപ്പൻതാര ഹൌസ്<br>കാവുണ്ടിക്കൽ | 06276/9.11.15 | 8400 | 6300 | 7500 | 1200 |
| 4 | ശാന്തി രമേഷ്<br>ചിണ്ടക്കി | 06271/3.11.15 | 8400 | 6300 | 7500 | 1200 |
| | | | | | | 4062 |

അധികം നൽകിയ 4062 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 ഭവനനിർമ്മാണം- രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് : ഭവന നിർമ്മാണം

പ്രൊജക്ട് നമ്പർ : 27,225

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, കാവുണ്ടിക്കൽ

ഭവന നിർമ്മാണ(ST)ത്തിന് ധനസഹായം നൽകൽ എന്ന പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ചെലവുകൾ ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/ ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 1/15-16 dt 18.7.15 | 2,40,000 |
| 2 | 8393724/21.07.15 | 1,90,000 |
| 3 | 8866997/8.01.16 | 1,85,000 |
| | | 6,15,000 |

വിവിധ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാൻ ബാങ്കിലേക്ക് തുക നൽകുകയാണ് ചെയ്തത്. ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു എന്ന ബാങ്ക് അധികൃതരുടെ സാക്ഷ്യപത്രം ഇല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (7/16.11.16) നൽകിയെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 6,15,000 രൂപ തടസ്സപ്പെടുത്തുന്നു

## 3-7 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 1 | 121 | BPL കുടുംബങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷ പരിശീലനം | 4,95,000<br>TSP | 10/15-16 dt 28.03.16 |
| 2 | 313 | കള്ളമല ഊരിൽ 25 വീടുകളുടെ വയറിംഗ് | 1,00,000<br>TSP | 12/15-16 dt 28.03.16 |
| 3 | 12 | ഭൂമി വാങ്ങൽ -ഭൂരഹിതർ | 3,00,000<br>SCP | 11/15-16 DT 28.03.16 |
| 4 | 328 | പഞ്ചായത്ത് ഭവന പദ്ധതി | 14,00,000<br>SCP-6,25,000<br>CFC-7,75,000 | 1/15-16 dt19.02.16 Rs1,60,000<br>4/15-16 dt 28.03.16 Rs 10054<br>5/15-16 dt 28.03.16 |

| | | | | |
|---|---|---|---|---|
| | | | | Rs 29946 |
| | | | | 6/15-16 dt 28.03.16 Rs 5000 |
| | | | | 7/15-16 dt 28.03.16 Rs 35000 |
| | | | | 8/15-16 dt 28.03.16 Rs 420000 |
| | | | | 13/15-16 dt 28.03.16 Rs 460000 |
| | | | | 14/15-16 dt 28.03.16 Rs 280000 |
| ആകെ | | | 22,95,000 | |

ഇതിനു പുറമേ അസിസ്റ്റന്റ് സെക്രട്ടറി 2015-16 ലെ ക്യാഷ്ബുക്ക് എഴുതാത്തതിനാൽ ലഭിച്ച വരവ് സംബന്ധിച്ചോ ചെലവാക്കിയതിനെ സംബന്ധിച്ച വിവരങ്ങളോ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം ( 2/10.11.16) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 22,95,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ഹൈസ്കൂൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ-പ്രൊജക്ടിലെ അപാകതകൾ- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് : ഹൈസ്കൂൾ പട്ടികജാതി വിദ്യാർത്ഥികൾക്ക്

സൈക്കിൾ വാങ്ങൽ

പ്രൊജക്ട് നമ്പർ : 320

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 4,04,042

ചെലവ് : 3,42,760 (ബിൽ നം. 2/15-16 തീയതി 19.2.16)

ഹൈസ്കൂൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ എന്ന പ്രൊജക്ട് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 3,42,760 രൂപ പോപ്പുലർ സൈക്കിൾ മാർട്ടിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊജകട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. പോപ്പുലർ സൈക്കിൾ മാർട്ടിന്റെ ബിൽ, തുക നൽകിയതിന്റെ രസീതി, സൈക്കിൾ

വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ എന്നിവ ഹാജരാക്കിയില്ല.

2. സൈക്കിൾ വാങ്ങിയതിന് 2 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ടെണ്ടർ വിളിച്ചിരിക്കുന്നത്. പത്രപരസ്യം നൽകിയിട്ടില്ല.

a) സഫാർ ട്രേഡിംഗ് കംപനി

ഈസ്റ്റ് കൊട്ടൂർ

ചേക്കിരിമിൽ

b) പോപ്പുലർ സൈക്കിൾ മാർട്ട്

പ്രിയദർശിനി റോഡ്

പാലക്കാട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ-മാർഗരേഖ പ്രകാരം (ജി.ഒ(പി)259/10/ 08.11.2010) 25000/- മുകളിൽ മതിപ്പ് വിലയുള്ള പർച്ചേസുകൾക്ക് ഓപ്പൺടെൺഡർ അല്ലെങ്കിൽ ലിമിറ്റഡ് ടെൺഡർ -ക്ഷണിക്കേണ്ടതാണ് കുറഞ്ഞത് 4-6 വരെ ടെൺഡർ ലഭിക്കണം. 14 ദിവസത്തെ സമയം നൽകണം. മേൽ വ്യവസ്ഥകൾ പാലിച്ചില്ല.നിയമാനുസൃതം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതായും കാണുന്നില്ല. കൂടാതെ കരാറുകാരനുമായുള്ള എഗ്രിമെന്റ്, സ്റ്റോക്ക് വിവരങ്ങൾ, വാറന്റി തുടങ്ങിയവ സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ലഭ്യമായില്ല.

3. സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. എത്ര വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു എന്നത് സംബന്ധിച്ച് സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രമില്ല.
4. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസിൽ നിന്നോ ഈ ആനുകൂല്യം ലഭിച്ചിട്ടോ എന്ന്ഉറപ്പ് വരുത്തിയിട്ടില്ല.
5. വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,42,760 രൂപ തടസ്സപ്പെടുത്തുന്നു.

## **3-9** കന്നുകുട്ടി പരിപാലനം - രസീതി, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രൊജക്ട് നമ്പർ : 45

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജ്ജൻ

അടങ്കൽ : 6,25,000

ചെലവ് : 6,25,000

ബിൽ നമ്പർ 1/15-16 dt 21.3.16 പ്രകാരം 6,25,000 രൂപ കന്നുകുട്ടി പരിപാലനം എന്ന പ്രൊജക്ടുമായി ബന്ധപെട്ട് അസിസ്റ്റന്റ് ഡയറക്ടർക്ക് ( കാഫ് സീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട്)

നൽകിയിട്ടുണ്ട്. ആയതിന്റെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (8/16.11.16) നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 6,25,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ജാതിതൈ വിതരണം- പ്രൊജക്ടിലെ അപാകതകൾ- ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

പ്രൊജക്ട് : ജാതിതൈ വിതരണം

പ്രൊജക്ട് നമ്പർ : 111

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

അടങ്കൽ : 5,49,900

ചെലവ് : 5,40,000

ജാതിതൈ വിതരണം എന്ന പ്രൊജക്ടുമായി ബന്ധപെട്ട് താഴെ പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 12/15-16 dt 12.2.16 | 2,25,000 |
| 2 | 15/15-16 dt 21.3.16 | 3,15,000 |
| | | 5,40,000 |

1. ആയതിൽ ജാതി തൈകൾ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ, നാമമാത്ര കർഷകരാണെന്ന് തെളിയിക്കുന്ന രേഖകൾ, അക്വിറ്റൻസ് എന്നിവ ഹാജരാക്കിയില്ല.
2. ഹാജരാക്കിയ അക്വിറ്റൻസിൽ ഗുണഭോക്താക്കൾക്ക് നൽകിയ തൈകളുടെ എണ്ണത്തിൽ വ്യത്യാസങ്ങൾ വരുത്തിയിട്ടിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് നൽകിയ തൈകളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല.
3. ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി രസീതി ബുക്കുകളായ 57292,57293,57603 എന്നിവ ഉപയോഗിച്ചിട്ടുണ്ട്. ആയതിൽ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത തുകയിൽ വെട്ടിതിരുത്തൽ വരുത്തിയത് സാക്ഷ്യപെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,40,000 രൂപ തടസ്സത്തിൽ വക്കുന്നു.

## 3-11 റോക്കർ സ്പ്രെയർ വിതരണം - രേഖകൾ ഹാജരാക്കിയില്ല. ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി റോക്കർ സ്പ്രെയർ വിതരണം എന്ന പ്രൊജക്ടുമായി ബന്ധപെട്ട് താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | തുക | ബിൽ നമ്പർ/ തീയ്യതി |
|---|---|---|---|---|
| 1 | 44 | റോക്കർ സ്പ്രേയർ വിതരണം | 40,120 | 1/15-16 dt 18.12.15 |
| 2 | 112 | റോക്കർ സ്പ്രേയർ വിതരണം | 40,120 | 3/15-16 dt 14.1.16 |

പ്രസ്തുത പ്രൊജക്ടുമായി ബന്ധപെട്ട് ബിൽ നമ്പർ 3/15-16 പ്രകാരം മാറിയ 40,120 രൂപയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് റോക്കർ സ്പ്രേയർ വിതരണം ചെയ്തതിന്റെ രേഖ ഇല്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ സബ്സിഡി |
|---|---|---|
| 1 | കണ്ണൻ s/o നഞ്ചൻ<br>ചിറ്റൂർ | 4012 |
| 2 | പി.വി.സതീഷ്<br>ചിറ്റൂർ | 4012 |
| 3 | രേശി w/o രങ്കൻ<br>കാരറ പി.ഒ<br>അഗളി | 4012 |
| 4 | മാരുതൻ s/o രങ്കൻ<br>കാരറ പി.ഒ<br>അഗളി | 4012 |
| 5 | മുത്തുസ്വാമി s/o വെള്ളിങ്കിരി<br>കാരറ | 4012 |
| ആകെ | | 20060 |

ഇതിനു പുറമേ നാമമാത്ര/ചെറുകിട കർഷകരാണെന്ന് തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (12/18.11.16) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 20,060 രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 സമഗ്ര വാഴകൃഷി വികസനം - രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സമഗ്ര വാഴകൃഷി വികസനം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെ താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | തുക | ബിൽ നമ്പർ/ തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 43 | സമഗ്ര വാഴകൃഷി വികസനം -ജനറൽ | 3,34,295 | 4/15-16 dt 14.1.16 |
| 2 | 43 | ടി | 1,54,460 | 11/15-16 dt 12.2.16 |
| 3 | 43 | ടി | 75,400 | 18/15-16 dt 21.3.16 |
| 4 | 47 | സമഗ്ര വാഴകൃഷി വികസനം -എസ്.ടി | 2,35,750 | 6/15-16 dt 14.1.16 |
| 5 | 47 | സമഗ്ര വാഴകൃഷി വികസനം -എസ്.ടി | 58,539 | 10/15-16 dt 12.2.16 |
| 6 | 47 | സമഗ്ര വാഴകൃഷി വികസനം -എസ്.ടി | 30,687 | 14/15-16 dt 16.3.16 |
| | | | 889131 | |

പ്രസ്തുത പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും (12/18.11.16) ഹാജരാക്കിയില്ല.

1. നാമമാത്ര/ചെറുകിട കർഷകരാണെന്ന് തെളിയിക്കുന്ന രേഖകൾ
2. എത്ര വാഴകൃഷി ചെയ്തുവെന്ന് കൃഷി ഓഫീസർ ഉറപ്പാക്കിയതിന്റെ രേഖകൾ
3. അക്വിറ്റൻസ്

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 889131 രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 പച്ചക്കറി കൃഷി വികസനം - രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

പ്രൊജക്ട് : പച്ചക്കറി കൃഷി വികസനം

പ്രൊജക്ട് നമ്പർ : 46

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

അടങ്കൽ : 56,250

ചെലവ് : 56,250

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പച്ചക്കറി കൃഷി വികസനവുമായി ബന്ധപെട്ട് താഴെ പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | തുക | ബിൽ നമ്പർ/ തീയ്യതി |
|---|---|---|---|---|
| 1 | 46 | പച്ചക്കറി കൃഷി വികസനം- എസ്.ടി | 6,250 | 7/15-16 dt 14.1.16 |
| 2 | 46 | ടി | 50,000 | 17/15-16 dt 21.3.16 |
| | | | 56,250 | |

ആയതിന്റെ താഴെ പറയുന്ന ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1. പച്ചക്കറി വിത്ത് വാങ്ങിയതിന്റെ ബില്ലുകൾ
2. നാമമാത്ര/ചെറുകിട കർഷകരാണെന്ന് തെളിയിക്കുന്ന രേഖകൾ

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (12/18.11.16) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 56,250 രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 പമ്പ് സെറ്റ് വിതരണം- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് : പമ്പ് സെറ്റ് വിതരണം

പ്രൊജക്ട് നമ്പർ : 41,45

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പമ്പ് സെറ്റ് വിതരണം എന്ന പ്രൊജക്ടുമായി ബന്ധപെട്ട് താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | തുക | ബിൽ നമ്പർ/ തീയ്യതി |
|---|---|---|---|---|
| 1 | 41 | പമ്പ് സെറ്റ് വിതരണം -ജനറൽ | 79,000 | 9/15-16 dt 12.2.16 |
| 2 | 41 | പമ്പ് സെറ്റ് വിതരണം-ജനറൽ | 45,000 | 13/15-16 dt 16.3.16 |
| 3 | 41 | പമ്പ് സെറ്റ് വിതരണം-ജനറൽ | 44,748 | 16/15-16 dt 21.3.16 |
| 4 | 45 | പമ്പ് സെറ്റ് വിതരണം-എസ്.ടി | 60,000 | 2/15-16 dt 18.12.15 |
| 5 | 45 | പമ്പ് സെറ്റ് വിതരണം-എസ്.ടി | 15,000 | 8/15-16 dt 12.2.16 |

പ്രസ്തുത പ്രൊജക്ടുമായി ബന്ധപെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. നാമമാത്ര/ചെറുകിട കർഷകരാണെന്ന് തെളിയിക്കുന്ന രേഖകൾ
2. ജലസ്രോതസ്സുകൾ (കിണർ, കുളം) സ്വന്തമായുള്ളവർക്ക് മാത്രമേ സബ്സിഡി നൽകാവൂ. അതിനുള്ള രേഖകൾ ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(12/18.11.16) ത്തിന് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,43,748 രൂപ തടസ്സത്തിൽ വക്കുന്നു.

## 3-15 മീഡിയാശ്രീ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവഴിച്ച തുക തടസ്സത്തിൽ വെക്കുന്നു

പ്രൊജക്ട് : മീഡിയാശ്രീ

പ്രൊജക്ട് നമ്പർ : 56/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

അടങ്കൽ : 65,000 (തനത് ഫണ്ട്)

ചെലവ് : 65,000

ചെക്ക് നമ്പർ : 691256/15.09.15

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി മീഡിയാശ്രീ എന്ന പ്രോജക്ട് നടപ്പാക്കുന്നതിലേക്കായി 65000/-രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം എന്നവർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 65000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-16 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നം. 21500753/18-1-16 പ്രകാരം തെരുവ് വിളക്ക് പരിപാലനം (പ്രോജക്ട് നം. 6/16) സംബന്ധിച്ച് 338688രൂ. ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവ് വിവരം സംബന്ധിച്ച് വൗച്ചർ ഒഴികെ മറ്റൊരു ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 338688രൂ. തടസ്സത്തിൽ വെയ്ക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/2016 തീയതി 18.11.16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-17 സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് മതിൽ കെട്ടിയിരിക്കുന്നു.ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം, പേര് | നം. SO 144/16, വി.ഐ.പി. കോളനി സൈഡ് കെട്ട് |
| അടങ്കൽ, ഫണ്ട് ഇനം | പദ്ധതി ഫണ്ട്(ജനറൽ) |
| എഗ്രിമെന്റ് നം,തീയ്യതി | 94/14-15/ A.E/LSGD/ AGP/dt:28-2-2015 |
| കൺവീനർ | ഷൈജു ജോസ് |
| പ്രവൃത്തി മൂല്യം | 394602 |
| എം.ബുക്ക് | 377/15-16 |
| ബിൽ നം.തീയ്യതി, തുക | 68/15-16/16-3-16/ 394602 |

18-11-2016ൽ നടത്തിയ സ്ഥല പരിശോധനയിൽ ടി സൈഡ് കെട്ട് സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് ആണ് നിർവ്വഹിച്ചത് എന്ന് കാണുകയുണ്ടായി. ടി സ്ഥലങ്ങൾ പഞ്ചായത്തിലേക്ക് ഇതുവരെ സറണ്ടർ ചെയ്തതായി കാണുന്നില്ല. ആയതിനാൽ മേല്പറഞ്ഞ പ്രവൃത്തിയുടെ ചെലവ് തുക 394602രൂ. തടസ്സത്തിൽ വെയ്ക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/2016 തീയതി

18.11.16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-18 കോൺക്രീറ്റ് പ്രവൃത്തികളിൽ ആവശ്യത്തിന് സിമന്റ് ഉപയോഗിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന പ്രവൃത്തികളിൽ കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം റോഡ് കോൺക്രീറ്റിംഗ് ഇനത്തിന് രേഖപ്പെടുത്തിയ സിമന്റിന്റെ അളവും പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (DSR code 16.42 പ്രകാരമുള്ള കോൺക്രീറ്റിംഗ് ആണ് നിർവ്വഹിച്ചിട്ടുള്ളത്). പ്രവൃത്തിക്ക് ആവശ്യമായ അളവ് സിമന്റിനേക്കാൾ വളരെ കുറച്ച് സിമന്റ് മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം.ബുക്ക് നം. | കോൺക്രീറ്റിംഗ് ഏരിയ | ആവശ്യമായ സിമന്റിന്റെ അളവ് | കൺവീനർ സമർപ്പിച്ച ബിൽ പ്രകാരം വാങ്ങിയ സിമന്റിന്റെ അളവ് | കുറവ് | ട്രഷറി ബിൽ നം. /തീയ്യതി /തുക |
|---|---|---|---|---|---|---|
| SO 315/16 ഇത് വഴി താഴെ ഊര് നടപ്പാത കോൺക്രീറ്റ് (ടി.എസ്.പി) | 485/15-16 | $70.99m^3$ | 22716 kg | 21000kg | 1716kg | 132/16 /29-3-16 /490000 |
| SO257/16 ദൈവക്കുണ്ട് ഊര് റോഡ് സെക്കൻഡ് റീച്ച് | 350/15-16 | $52.05m^3$ | 16656 | 16500 | 156Kg | 119/16 /29-3-16/ 350000 |

ആയതിനാൽ മേൽപറഞ്ഞ പ്രവൃത്തികളുടെ ആകെ ചെലവ് തുക 840000രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-19 ഗുണഭോക്തൃസമിതികളുടെ പ്രവൃത്തികളിൽ നിയമാനുസൃതം ഹാജരാക്കേണ്ട അംഗീകൃത ഡീലർമാരുടെ ക്യാഷ് ബില്ലുകൾ സമർപ്പിച്ചിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തികളിൽ കൺവീനർമാർ സിമന്റ് വാങ്ങിയിരിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള ബില്ലുകൾ ഫോറം 8മാതൃകയിൽ ഉള്ള ഒറിജിനൽ ക്യാഷ് ബില്ലുകൾ അല്ല. കൂടാതെ ചില ബില്ലുകൾ അന്യ സംസ്ഥാനത്തിൽ നിന്നും ഉള്ളവയുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | കൺവീനർ സിമന്റ് വാങ്ങിയ കടയുടെ/ വ്യക്തിയുടെ പേര് | ബിൽ വിവരങ്ങൾ | സിമന്റിന്റെ അളവ് | ട്രഷറി ബിൽ നം./ തീയ്യതി/ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| SO 315/16 ഭൂത് വഴി താഴെ ഊര് നടപ്പാത കോൺക്രീറ്റ് (ടി.എസ്.പി) | ഉണ്ണികൃഷ്ണൻ | ആര്യ ഹാർഡ് വെയർ ആന്റ് സാനിറ്ററീസ്, അഗളി | ക്യാഷ് ബിൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (ഫോറം 8B മാതൃകയിൽ അല്ല. ടിൻ നം. രേഖപ്പെടുത്തിയിട്ടില്ല.) | 21000kg | 132/16 /29-3-16 /490000 |
| SO 78/16 കള്ളമല പുലിയംപാടി റോഡ് കോണ്ക്രീറ്റ് | സി. കുപ്പൻ | കുമാർ മെറ്റൽ സ് ആന്റ് പ്ലാസ്റ്റിക്സ്, കോയമ്പത്തൂർ | അന്യ സംസ്ഥാന ബിൽ ആണ്. | 22500Kg | 120/16 /29-3-16 /450000 |
| SO 254/16 മാമണ വേലുസ്വാമി പ്രദേശം റോഡ് സെക്കൻഡ് റീച്ച് | സുബ്രഹ്മണ്യൻ | കുമാർ മെറ്റൽസ് ആന്റ് പ്ലാസ്റ്റിക്സ്, കോയമ്പത്തൂർ | അന്യ സംസ്ഥാന ബിൽ ആണ്. | 22500Kg | 109/16 /29-3-2016/ 488081 |

സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിൽ (ജി ഒ (എം.എസ്.)42/99 തിയതി.22.09.1999) പ്രവൃത്തിക്കാവശ്യമായ നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ അവ ലഭ്യമായ സ്ഥലങ്ങളിൽ ചെന്ന് ഗുണനിലവാരം ഉറപ്പുവരുത്തി ന്യായവും സ്വീകാര്യവുമായ വിലയ്ക്ക് ഗുണഭോക്തൃ സമിതിയുടെ അംഗീകാരത്തോടെ മാത്രം വാങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സിമന്റ്, കമ്പി, ബിറ്റുമിൻ എന്നീ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ, ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേല്പറഞ്ഞ പ്രവൃത്തികളിൽ മാർഗ്ഗരേഖയിലെ ഇത്തരം നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.കൂടാതെ പല ബില്ലുകളും അന്യസംസ്ഥാനത്തുള്ള കടകളുടെ ബില്ലുകൾ ആയതിനാൽ വിൽപന നികുതി ഇനത്തിൽ കേരള സംസ്ഥാന സർക്കാരിന് നഷ്ടവും സംഭവിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04-03-2013 തിയതിയിലെ 1047/ഡി.എ1/13 നം സർക്കുലറിൽ ഗുണഭോക്തൃ സമിതികൾ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുമ്പോൾ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുമാത്രം പ്രവൃത്തികൾ നിർവഹിക്കാൻ ഗുണഭോക്തൃ സമിതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-20 തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല

തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് ഇനത്തിൽ ഓരോ മാസവും കെ.എസ്.ഇ.ബി യിലേക്ക് തുകകൾ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്റർ (തൻവർഷത്തേത്) പരിശോധനയ്ക്ക് സമർപ്പിച്ചതിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുകയോ സ്ഥിതി വിവരങ്ങൾ തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നടത്തിയ ചെലവുകളുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-21 പഞ്ചായത്തിൽ സൂക്ഷിക്കേണ്ട റജിസ്റ്ററുകൾ സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു

-----2015-16 വർഷത്തെ ഡെപ്പോസിറ്റ് റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

-----24-2-2015 ന് ശേഷം ബിൽ റജിസ്റ്റർ എഴിതിയിട്ടില്ല.

-------ലോഗ് ബുക്കിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

-------കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാധനങ്ങൾക്കുമായി സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 3-22 ഭവനപുനരുദ്ധാരണം പ്രൊജക്ടിലെ അപാകതകൾ

പ്രൊജക്ട് : ഭവനപുനരുദ്ധാരണം

പ്രൊജക്ട് നമ്പർ : 27,225

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം എന്ന പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രസ്തുത ഗുണഭോക്താക്കൾക്ക് ഡി.ഡി. മുഖേനയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. സബ്സിഡി മാർഗരേഖ ജി.ഒ (എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം ഭാര്യയുടേയും ഭർത്താവിന്റെയും പേരിൽ ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകണം.
2. വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് സാക്ഷ്യപെടുത്തിയിട്ടില്ല.
3. LSGD എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്.ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല
4. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. ഇത് ഉറപ്പാക്കിയിട്ടില്ല.
5. ബാങ്ക് സാക്ഷ്യപെടുത്തിയ കൌണ്ടർഫോയിൽ ഹാജരാക്കിയില്ല.

## 3-23 പഞ്ചായത്ത് ഭവന പദ്ധതി- മുഴുവൻ ഗുണഭോക്താക്കൾക്കും ഡി.ഡി.നൽകിയിട്ടില്ല

പ്രൊജക്ട് : പഞ്ചായത്ത്ഭവനപദ്ധതി

പ്രൊജക്ട് നമ്പർ : 84

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, പട്ടിമാളം

അടങ്കൽ : 1,89,22,500

ചെലവ് : 1,89,20,000

പഞ്ചായത്ത് ഭവന പദ്ധതിക്കായി (ജനറൽ) ബിൽ നമ്പർ 21/31.03.16 പ്രകാരം 19,40,000 മാറിയിട്ടുണ്ട്. ആയതിൽ 8,20,000രൂപയുടെ ഡി.ഡി. എടുത്തിട്ടുണ്ടെങ്കിലും താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഡി.ഡി.കൈമാറിയിട്ടില്ല.

| ക്രനമ്പർ | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 1 | മേരി ജോസഫ്, മുണ്ടൻപാറ | 20000 |
| 2 | ജസീന ജലീൽ, താവളം | 20000 |
| 3 | ശ്രീകല അനിൽ, അയ്യരാംകുഴി | 20000 |
| 4 | രശ്മ സുനിൽകുമാർ, അടിയക്കണ്ടിയൂർ | 20000 |
| 5 | പത്മിനി സുബ്രമണ്യൻ, അടിയക്കണ്ടിയൂർ | 20000 |
| 6 | റംല അബ്ബാസ്, കക്കപടി | 20000 |
| 7 | കല്യണി ജെയിംസ്, ചെമ്മണ്ണൂർ | 20000 |
| 8 | രതിരാജ്, ഗുളിക്കടവ് | 20000 |
| 9 | പ്രിയ സുരേഷ്, നെല്ലിപതി | 20000 |
| 10 | ശിവമണി അങ്കമുത്തു, നരസിമുക്ക് | 20000 |
| 11 | മഞ്ജു ബിനു, ചിന്നപറമ്പ് | 20000 |
| 12 | രാധമ്മ ബാലകൃഷ്ണൻ, ദോണികുണ്ട് | 20000 |
| 13 | തങ്കമ്മ ശശിധരൻ, ദോണിഗുണ്ട് | 20000 |
| 14 | ഓമന രാജൻ, ദോണിഗുണ്ട് | 20000 |
| 15 | പ്രസീത ജയചന്ദ്രൻ, അഗളി | 20000 |

| | | |
|---|---|---|
| 16 | സുബ്ബലക്ഷ്മി കനകസുന്ദരം, നായ്ക്കർപ്പടി | 20000 |
| 17 | ആസ്യ പത്മകുമാർ, ജെല്ലിപ്പാറ | 20000 |
| 18 | ബൽക്കീസ് സിദ്ധിഖ്, കൽക്കണ്ടി | 20000 |
| 19 | മുനിയമ്മ ഷൺമുഖൻ, അഗളി | 20000 |
| 20 | വൈഷ്ണവി കൃഷ്ണൻ, നായ്ക്കർപ്പടി | 20000 |
| 21 | സുബ്ബമ്മ പഴനിസ്വാമി, നരസിമുക്ക് | 20000 |
| 22 | സിനി ജോൺ, മേലെക്കണ്ടിയൂർ | 20000 |
| 23 | സത്യഭാമ ബാലൻ, മുക്കാലി | 20000 |
| 24 | നസീമ മുഹമ്മദാലി, മഞ്ഞച്ചോല | 20000 |
| 25 | ഷിൻസി ഷിബു തോമസ്, ജെല്ലിപ്പാറ | 20000 |
| 26 | രാധ പ്രഭാകരൻ, ജെല്ലിപ്പാറ | 20000 |
| 27 | മഞ്ജു അനിൽകുമാർ, നെല്ലിപതി | 20000 |
| 28 | സക്കീന ലത്തീഫ്, ദോണികുണ്ട് | 20000 |
| 29 | സൌമ്യകൃഷ്ണകുമാർ, അടിയക്കണ്ടിയൂർ | 20000 |
| 30 | തങ്കമണി ജഗദീശൻ, നരസിമുക്ക് | 20000 |
| 31 | സിന്ധുസതീഷ്, ജെല്ലിപ്പാറ | 20000 |
| 32 | മല്ലികനാരായണൻ, ചെമ്മണ്ണൂർ | 20000 |
| 33 | റഷീദ കുഞ്ഞാലൻ, അഗളി | 20000 |
| 34 | റുക്കിയ മുജീബ് റഹ്മാൻ, നെല്ലിപതി | 20000 |
| 35 | വത്സ സുരേഷ്, കാരറ | 20000 |
| 36 | തങ്കമ്മ, താമരപറമ്പിൽ | 20000 |

| | | |
|---|---|---|
| 37 | മിനി ദിലീപ്, കള്ളമല | 20000 |
| 38 | കമല്യ ചന്ദ്രൻ, മുക്കാലി | 20000 |
| 39 | ദമയന്തി സുരേഷ്, ചോലക്കാട് | 20000 |
| 40 | റഹ്മത്ത് അബൂബക്കർ, കള്ളമല | 20000 |
| 41 | അർക്കാണി പഴനിസ്വാമി, വടകോടത്തറ | 20000 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (10/17.11.16) നൽകിയതിന് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാലാണ് ഡി.ഡി. വിതരണം ചെയ്യാത്തതെന്ന് വിശദീകരണം നൽകി. ഭവനനിർമ്മാണം പൂർത്തീകരിച്ച് ഡി.ഡി. ഗുണഭോക്താക്കൾക്ക് നൽകി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-24 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ഹോമിയോ

പ്രോജക്ട് -മരുന്ന് വാങ്ങൽ ഹോമിയോ

പ്രോജക്ട് നം.-51/15-16

മേൽ പ്രോജക്ട് പ്രകാരം സർക്കാർഹോമിയോ ഡിസ്പെൻസറി-കൽക്കണ്ടി, സർക്കാർ ഹോമിയോ ഡിസ്പെൻസറി, അഗളി എന്നിവയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി ആകെ 2,50,000 രൂപ ഹോംകോ, ആലപ്പുഴയ്ക്ക് ചുവടെ ചേർക്കുന്ന പ്രകാരം നൽകിയിട്ടുണ്ട്.

| ബിൽ നം | തിയതി | ഡി.ഡി.നമ്പർ/തിയതി | തുക |
|---|---|---|---|
| 2/15-16 | 28.1.2016 | 886874/29.2.2016 | 100,000 രൂപ |
| 2/15-16 | 28.1.2016 | 886873/29.2.2016 | 1,50,000 രൂപ |

എന്നാൽ മേൽ സ്ഥാപനം നാളിതുവരെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. രോഗികൾക്ക് പ്രയോജനപ്പെടും വിധം യഥാസമയം മരുന്നുകൾ ലഭ്യമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS, ഭവന പദ്ധതി | G.O.2062/2010/ L.S.G.D. 22-6-2010 | 28102375 | 10773000 | 3500000 | - | 7273000 |

4-5സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6ഓഡിറ്റ് റിക്കവറി

ടി ഇനത്തിൽ തൻവർഷം 900രൂ. വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക | രസീതി നം/തീയ്യതി | ഒടുക്കിയ ആളുടെ പേര് |
|---|---|---|
| 900 | ചലാൻ നം. 241/26-10-2015 | എം.കെ. ദിവ്യ<br>അസി. എഞ്ചിനീയർ |

4-7സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിൽ പ്രാഥമിക ആരോഗ്യകേന്ദ്രം തെങ്കര, ആയുർവ്വേദ ആസ്പത്രി എന്നിങ്ങനെ രണ്ട് സർക്കാർ ആസ്പത്രികളാണ് ഉള്ളത്. ഇവയിൽ നിന്ന് ചാർട്ടേഡ് അക്കൌണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്ത അക്കൌണ്ടുകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

4-9ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73758076 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 142484835 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 194062 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7265239 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20000 | മാത്യൂ.ഓ.ആർ,വി.ഇ.ഓ |
| 3-3 | 165000 | ശ്രീകുമാർ,<br>വെറ്റിനറി സർജൻ |
| 3-4 | 5000 | സുഭാഷ്,<br>അസി. എഞ്ചിനിയർ |
| 3-5 | 4062 | ശശീന്ദ്രൻ<br>കൃഷി ഓഫീസർ |
| ആകെ | 274062 | |

ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 615000 | മാത്യൂ.ഓ.ആർ, വി.ഇ.ഓ |
| 3-7 | 2295000 | ജോൺ.ജെ, അസി. സെക്രട്ടറി |
| 3-8 | 342760 | ജോൺ.ജെ, അസി. സെക്രട്ടറി |
| 3-9 | 625000 | ശ്രീകുമാർ, വെറ്റിനറി സർജൻ |
| 3-10 | 540000 | ശശീന്ദ്രൻ, കൃഷി ഓഫീസർ |
| 3-11 | 20060 | ശശീന്ദ്രൻ, കൃഷി ഓഫീസർ |
| 3-12 | 889131 | ശശീന്ദ്രൻ, കൃഷി ഓഫീസർ |
| 3-13 | 56250 | ശശീന്ദ്രൻ, കൃഷി ഓഫീസർ |
| 3-14 | 243748 | ശശീന്ദ്രൻ, കൃഷി ഓഫീസർ |
| 3-15 | 65000 | സൗദാമിനി, വി.ഇ.ഓ |
| 3-16 | 338688 | ജോൺ.ജെ,<br>സെക്രട്ടറി(ഇൻ ചാർജ്) |
| 3-17 | 394602 | സുഭാഷ്, അസി. എഞ്ചിനിയർ |
| 3-18 | 840000 | സുഭാഷ്, അസി. എഞ്ചിനിയർ |

| ആകെ | 7265239 |
|---|---|

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുഭാഷ്, അസി. എഞ്ചിനിയർ | വിരമിച്ചു | കളത്തിൽപറമ്പിൽ ഹൗസ്,<br>എടവനക്കാട്(പി.ഒ.)<br>എറണാകുളം |
| ജോൺ .ജെ., അസി.സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്) | | എൻ. എൻ. ഹൗസ്,<br>മുക്കളം,<br>മയ്യനാട് (പി.ഓ)<br>കൊല്ലം |
| ശ്രീകുമാർ.എം.എസ്. വെറ്ററിനറി സർജൻ | വെറ്റിനറി സർജൻ, ചേന്നമംഗലം ഗ്രാമ പഞ്ചായത്ത് | മനക്കൽ പറമ്പിൽ,<br>പെരുമ്പടന്ന,<br>നോർത്ത് പറവൂർ(Po)<br>എറണാകുളം |
| മാത്യു, വി.ഇ.ഓ. | വി.ഇ.ഓ. അഗളി ഗ്രാമ പഞ്ചായത്ത് | ഉപ്പുകണ്ടത്തിൽ ഹൗസ്,<br>തലച്ചിറ ,<br>പത്തനംതിട്ട |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP12-467/03/3-7-2003 | F.R |
| 1997-98 | LFP12-505/03/5-7-2003 | F.R |
| 1998-99 | LF P 12-999/05/15-2-2006 | F.R |
| 1999-00 | LFP 12-1683/ 07/21.1.08 | F.R |

| | | |
|---|---|---|
| 2000-01 | LF P12-1684/07/21.1.08 | F.R |
| 2001-02 | LF P12-80/ 09/18.08.09 | F.R |
| 2002-03 | LF P12-81/09/26-6-2009 | F.R |
| 2003-04 | LF P17-228/10/22-9-2010 | F.R |
| 2004-05 | LF P17-1460/10/16-8-2010 | F.R |
| 2005-06 | LF P17-567/10/27.10.10 | F.R |
| 2006-07 | LF P12-85/10/27.10.10 | F.R |
| 2007-08 | LFP17-1202/10/14-7-11 | F.R |
| 2008-09 | LFP17/1203/10/14-7-11 | F.R |
| 2009-10 | LFP17/748/12/03-07-2012 | ശുദ്ധിപത്രം |
| 2010-11 | LFP17/1436/13/06-11-13 | F.R |
| 2011-12 | LFP17/232/14/07-03-14 | F.R |
| 2012-13 | L F P 17/390/15/ 18-05-15 | F.R |
| 2013-14&2014-15 | L F P 17 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# 1

## അനുബന്ധം - 1

കെ.എസ്.എ-പികെഡി24/2146/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി –18.01.2017

സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അഗളി ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഗളി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അഗളി ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .
2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
3. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി,തൊഴിൽ നികുതി, വെള്ളക്കരം, ഡി & ഒ എന്നിവയുടെ തൻ വർഷ തുകകളും കുടിശ്ശിക തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ റിക്കൺസലിയേഷൻ നടത്തിയിട്ടില്ല.
5. എം.ജി. എൻ. ആർ .ഇ. ജി.എസ്. ന്റെ പ്രാരംഭബാക്കി ഋണശീർഷ സംഖ്യയായിട്ടാണ്(Negative figure) രേഖപ്പെടുത്തിയിട്ടുള്ളത്.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD24/2146/2016

Kerala State Audit Department
District Audit Office
Palakkad
Date – 18.01.2017

## CERTIFICATE

Certified that I have examined the Annual Financial Statement of AGALI GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of AGALI GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

AGALI GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .
2. Budget is not prepared on function -fuctionary basis.
3. The figures shown as the arrear & current balance of property tax, professiontax, D&O & water tax in AFS (2015-16) are not in agreement with the figures shown in DCB statement and Sanchaya Software.
4. Reconcilation of bank account & Treasury account is not prepared.
5. Opening balance of NREGS account in 2015-16 is negative figure.

Deputy Director